ഹരിജനോദ്ധാരണം

*ചോദ്യം. (വ്യ) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

പിന്നോക്കസമുദായ ഡിപ്പാർട്ട്മെണ്ടിന്റെ ശുപാർശയോടുകൂടി നായർ സമുദായത്തിൽപ്പെട്ട ഒരാളെ സോഷ്യൽ സർവ്വീസ് സ്റ്റഡീസിനു് അയച്ചതു് ആരുടെ ആവശ്യമായിരുന്നു?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): അങ്ങിനെ ഒരാളെ സോഷ്യൽ സർവ്വീസു സ്റ്റഡീസിനു് അയച്ചിട്ടില്ല. എന്നാൽ പ്രസ്തുത ഡിപ്പാർട്ട്മെണ്ടിലെ ഒരു ഫീൽഡാഫീസറായ ശ്രീ. സി. എൻ. പരമേശ്വരൻപിള്ള അവകാശ അവധി വാങ്ങിക്കൊണ്ടു് സ്വന്തം ചിലവിൽ ഡൽഹി സ്കൂൾ ഓഫ് സോഷ്യൽ വർക്കിൽ പരിശീലനം നടത്തിവരുന്നുണ്ടു്.

Question posted for Answer on 6th November 1950

പ്രൈമറി സ്കൂൾ

*ചോദ്യം. (ങ്ങ) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാമ്പാറ പ്രൈമറി സ്കൂൾ കെട്ടിടം വളരെ അപകടകരമായ നിലയിലാണെന്നു ഗവൺമെണ്ടിനറിയാമൊ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അറിയാം. സ്കൂൾ വേറൊരു കെട്ടിടത്തിലേക്കു മാറ്റുന്ന കാര്യം ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കയാണു്.

Questions posted for Answer on 7th November 1950

പിന്നോക്കസമുദായ ബി. എൽ. ബിരുദധാരികൾ

*ചോദ്യം. (ങ്ങ) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) അധഃകൃതരിൽനിന്നും (പിന്നോക്കസമുദായത്തിൽനിന്നു) നിയമപഠനം കഴിഞ്ഞുനിൽക്കുന്ന എത്രപേർക്കു ഗവൺമെണ്ടു് ഇനി ഉദ്യോഗം കൊടുക്കാനുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) കൊടുത്തിട്ടുള്ളവർ ഏതെല്ലാം തസ്തികയിൽ ഇരിക്കുന്നു എന്നു് പറയുമോ;

(സി) ഹരിജനങ്ങളെയെല്ലാം എക്സിക്യൂട്ടീവ് പോസ്റ്റുകളിലും നിയമിക്കുന്നതാണെന്ന ഗവൺമെണ്ടു തീരുമാനത്തെ ആദരിച്ചു് ഏതെല്ലാം തസ്തികകളിൽ നിയമിച്ചിട്ടുണ്ടെന്നു പറയുമോ?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവുംവകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ & ബി) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു് വേണ്ടിവരുന്ന സമയവും ക്ലേശവും അതിനാൽ ഉണ്ടാകാവുന്ന പ്രയോജനത്തിനു തീരെ അനുയോജ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത തീരുമാനം നടപ്പിൽ വരുത്തുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

പോലീസ് അക്രമം

*ചോദ്യം 43. (ഒന്ന്) ശ്രീ. എ. കെ. പാച്ചുപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശ്ശേരി താലൂക്കിൽ വാഴപ്പള്ളി വില്ലേജിൽ കാഞ്ഞിരപ്പള്ളിപോലീസ്, തന്റെ വീട് തിരിച്ചു അനാവശ്യമായി പ്രവേശിച്ചുവെന്ന് ആരോപിക്കപ്പെടുന്ന വിലാസം വീട്ടിൽ പാറുക്കുട്ടി എന്ന ഒരു സ്ത്രീ താലൂക്കിലേക്കോ, അധികാരികൾക്കോ പരാതി അയച്ചിട്ടുണ്ടോ;

(ബി) അതു സംബന്ധിച്ചു വസ്തുതകളുടെ വിവരം പറയുന്നതിനു മെമ്മോ അയച്ചുകൊടുത്തിരുന്നുവോ;

(സി) ആരോപണം ശരിയാണെങ്കിൽ അതിൽ സംബന്ധിച്ചു ഉദ്യോഗസ്ഥന്മാർ ആരെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) ഹർജിക്കാരിയുടെ ഭർത്താവായ മാനുവൽ എന്ന കോൺസ്റ്റബിൾ (പി. സി. നമ്പർ 8) കോട്ടയം പോലീസ് റജിസ്റ്റർ ചെയ്തിട്ടുള്ള ഒരു അഴിമതി അന്വേഷണക്കേസിൽ ഉൾപ്പെട്ടിട്ടുള്ളതായി അറിവാകയാൽ ടി കോൺസ്റ്റബിളിന്റെ ഭവനം പോലീസിനു പരിശോധിക്കേണ്ടതായി വന്നു. മാന്യന്മാരായ അയൽപക്കക്കാരുടെയും മറ്റും സാന്നിദ്ധ്യത്തിലാണ് ഭവനപരിശോധന നടത്തിയത്. പരിശോധനയ്ക്കു വന്നപ്പോൾ ഭവനം പൂട്ടിയിരിക്കുന്നതായി കാണുകയാൽ ഒരു കൊല്ലനെക്കൊണ്ട് ഇറക്കിക്കേണ്ടതായി വന്നു. ഹർജിയിൽ പ്രസ്താവിച്ചിട്ടുള്ളതായ ആരോപണങ്ങളും ശരിയല്ല.

(സി) ഉദിക്കുന്നില്ല.

Question posted for Answer on 8th November 1950

MINERALS IN SOUTH TRAVANCORE FOR MAKING PENCIL

*1193. [43] Sri. K. Ramakrishnan Achari: Will the Hon'ble Minister be pleased to answer the following questions:—

(a) are the Government aware that minerals like sulphur, Mica, and sand used for making pencil, etc. are available in South Travancore?

(b) if so, do the Government propose to process them?

Chief Minister (Sri. T. K. Narayana Pillai):

(a) Yes, as regards the minerals except Sulphur.

(b) Now minerals is a Central subject.

Questions posted for Answer on 10th November 1950

തിരുമുപ്പ് ടാങ്ക്

*ചോദ്യം 45. (ചോ 9) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പറവൂർ താലൂക്കിൽ കുന്നത്തുവകയായുള്ള തിരുമുപ്പ് ടാങ്ക് നന്നാക്കണമെന്നും പ്രസ്തുത താലൂക്കിനെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly